**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2465** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>വൈദ്യുതിക്കുമേൽ നികുതിയും, ഡ്യൂട്ടിയും എന്ന ഇനത്തിൽ ബജറ്റിൽ വകയിരുത്തിയ തുക</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. വി. ഡി. സതീശൻ |
| ശ്രീ. പി. സി. വിഷ്ണുനാഥ് | (മുഖ്യമന്ത്രി) |
| ശ്രീ. ടി. സിദ്ദീഖ് | |
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | |
| ശ്രീ. ചാണ്ടി ഉമ്മൻ | |

**(എ)** സംസ്ഥാന ബജറ്റിൽ വൈദ്യുതിക്ക് മേൽ നികുതിയും, ഡ്യൂട്ടിയും എന്ന ഇനത്തിൽ 2026-27 സാമ്പത്തിക വർഷം 1475 കോടി എസ്റ്റിമേറ്റ് ആയി കണക്കാക്കിയതിനുള്ള കാരണം വിശദമാക്കാമോ;

**<u>മറുപടി:</u>** **13.05.2015**-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ **17/2015/**ഊർജ്ജം പ്രകാരം, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ **01.11.2013** മുതൽ **31.10.2023** വരെയുള്ള 10 വർഷ കാലയളവിലെ പെൻഷൻ ബാധ്യതകൾ നിറവേറ്റുന്നതിനായി **5861** കോടി രൂപ വൈദ്യുതി തീരുവയായി പിരിച്ചെടുക്കുവാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് **31.10.2023** ന് ശേഷം വൈദ്യുതി തീരുവ പിരിച്ചെടുക്കുവാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് അവകാശമില്ലാത്തതും പ്രസ്തുത തുക സംസ്ഥാന സഞ്ചിത നിധിയിലേക്ക് റവന്യൂ വരുമാനമായി ഒടുക്കേണ്ടതുമായിരുന്നു. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനം ഉണ്ടായിട്ടില്ല. ഒരു വർഷം ശരാശരി 1200 മുതൽ 1400 കോടി രൂപ വരെയാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് വൈദ്യുതി തീരുവയായി പിരിച്ചെടുക്കുന്നത്.

നിലവിൽ കൊച്ചിൻ ഷിപ്പ്‌യാർഡ്, സെസ് **(SEZ),** റബ്ബർ പാർക്ക്, കിനെസ്കോ **(KINESCO),** കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷൻസ് **(KDHP),** തൃശ്ശൂർ കോർപ്പറേഷൻ, ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി എന്നീ സ്ഥാപനങ്ങളാണ് വൈദ്യുതി തീരുവ നേരിട്ട് സംസ്ഥാന സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കു വരുത്തിപ്പോരുന്നത്. ഇത് പ്രതിവർഷം 100 കോടിയോളം രൂപയാണ്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് തീരുവയായി പിരിച്ചെടുക്കുന്ന തുക കൂടി ഇതോടൊപ്പം കൂട്ടിച്ചേർത്താൽ വൈദ്യുതി തീരുവയിനത്തിൽ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് പ്രതിവർഷം ലഭ്യമാകേണ്ടുന്ന തുക 1500 കോടി രൂപയോളം വരും. ഈ വീക്ഷണത്തിലാണ് 2026-27 ലെ ബജറ്റിൽ 1475 കോടി രൂപ വൈദ്യുതി തീരുവയായി മതിപ്പ് കണക്കാക്കിയിട്ടുള്ളത്.

**(ബി)** മുൻ സാമ്പത്തിക വർഷങ്ങളിൽ 100 കോടി രൂപയിൽ താഴെ മാത്രം വരുമാനം ലഭിച്ചിരുന്ന ഈ ഇനത്തിൽ നിലവിൽ ഇത്രയും വലിയ തുക എസ്റ്റിമേറ്റ് ആയി കണക്കാക്കിയത് ബജറ്റ് തുക പെരുപ്പിച്ച

കാണിക്കാനാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** **13.05.2015-**ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ **17/2015/**ഊർജ്ജം പ്രകാരം**,** കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ **01.11.2013** മുതൽ **31.10.2023** വരെയുള്ള 10 വർഷ കാലയളവിലെ പെൻഷൻ ബാധ്യതകൾ നിറവേറ്റുന്നതിനായി **5861** കോടി രൂപ വൈദ്യുതി തീരുവയായി പിരിച്ചെടുക്കുവാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് **31.10.2023** ന് ശേഷം വൈദ്യുതി തീരുവ പിരിച്ചെടുക്കുവാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് അവകാശമില്ലാത്തതും പ്രസ്തുത തുക സംസ്ഥാന സഞ്ചിത നിധിയിലേക്ക് റവന്യൂ വരുമാനമായി ഒടുക്കേണ്ടതുമായിരുന്നു. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനം ഉണ്ടായിട്ടില്ല. ഒരു വർഷം ശരാശരി 1200 മുതൽ 1400 കോടി രൂപ വരെയാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് വൈദ്യുതി തീരുവയായി പിരിച്ചെടുക്കുന്നത്.

നിലവിൽ കൊച്ചിൻ ഷിപ്പ്യാർഡ്**,** സെസ് **(SEZ),** റബ്ബർ പാർക്ക്**,** കിനെസ്കോ **(KINESCO),** കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷൻസ് **(KDHP),** തൃശ്ശൂർ കോർപ്പറേഷൻ**,** ഇൻഫോ പാർക്ക്**,** സ്മാർട്ട് സിറ്റി എന്നീ സ്ഥാപനങ്ങളാണ് വൈദ്യുതി തീരുവ നേരിട്ട് സംസ്ഥാന സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കു വരുത്തിപ്പോരുന്നത്. ഇത് പ്രതിവർഷം 100 കോടിയോളം രൂപയാണ്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് തീരുവയായി പിരിച്ചെടുക്കുന്ന തുക കൂടി ഇതോടൊപ്പം കൂട്ടിച്ചേർത്താൽ വൈദ്യുതി തീരുവയിനത്തിൽ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് പ്രതിവർഷം ലഭ്യമാകേണ്ടുന്ന തുക 1500 കോടി രൂപയോളം വരും. ഈ വീക്ഷണത്തിലാണ് 2026-27 ലെ ബജറ്റിൽ 1475 കോടി രൂപ വൈദ്യുതി തീരുവയായി മതിപ്പ് കണക്കാക്കിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**